# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 24.10.2024**

## പ്രധാനവാർത്തകൾ

1). സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലങ്ങളിലേക്കുള്ള നാമനിർദ്ദേശ പത്രികാ സമർപ്പണത്തിനുള്ള സമയപരിധി നാളെ അവസാനിക്കും. പ്രമുഖ സ്ഥാനാർത്ഥികൾ ഇന്നും പത്രിക സമർപ്പിക്കും.

2). എ.ഡി.എം നവീൻ ബാബുവിൻറെ മരണം സംബന്ധിച്ച അന്വേഷണം ശരിയായ ദിശയിലെന്ന് മന്ത്രി കെ രാജൻ. മരണത്തിന് ഉത്തരവാദികളായവരെ വെറുതെ വിടില്ലെന്നും മന്ത്രി.

3). മൃഗ സംരക്ഷണ മേഖലയിൽ പുതിയ സംരംഭകരെ കണ്ടെത്താനുള്ള പദ്ധതികൾക്ക് സർക്കാർ മുന്തിയ പരിഗണന നൽകുന്നതായി മന്ത്രി ജെ ചിഞ്ചുറാണി.

4). ദാന ചുഴലിക്കാറ്റിൻറെ പശ്ചാത്തലത്തിൽ ഒഡീഷയിലും, പശ്ചിമബംഗാളിലും ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. വ്യാപക മഴയ്ക്ക് സാധ്യതയുള്ളതിനാൽ സംസ്ഥാനത്ത് 7 ജില്ലകളിൽ മഞ്ഞ ജാഗ്രത.

5). പൂനെ ക്രിക്കറ്റ് ടെസ്റ്റിൽ ന്യൂസിലൻഡിന് ബാറ്റിംഗ്. ഇന്ത്യ-ന്യൂസിലൻഡ് വനിതാ ഏകദിന പരമ്പരയ്ക്കും ഇന്ന് തുടക്കം.

*****************************************************************************************

RNU TVPM

## തിരഞ്ഞെടുപ്പ്

വയനാട് ലോക്സഭാ മണ്ഡലത്തിലേക്കും ചേലക്കര, പാലക്കാട് നിയമസഭാ മണ്ഡലങ്ങളിലേക്കുമുള്ള ഉപതെരഞ്ഞെടുപ്പിന്റെ നാമനിർദ്ദേശ പത്രിക സമർപ്പണത്തിൻറെ സമയപരിധി നാളെ അവസാനിക്കും. വയനാട് ലോക്സഭാ ഉപതിരഞ്ഞെടുപ്പിലെ യുഡിഎഫ് സ്ഥാനാർഥി പ്രിയങ്ക ഗാന്ധി ഇന്നലെ നാമനിർദേശ പത്രിക സമർപ്പിച്ചു. ഇടത് സ്ഥാനാർഥി സത്യൻ മൊകേരിയും എൻഡിഎ സ്ഥാനാർഥി നവ്യ ഹരിദാസും ഇന്ന് പത്രിക നൽകും. ചേലക്കര ഉപതെരഞ്ഞെടുപ്പിലെ യുഡിഎഫ് സ്ഥാനാർഥി രമ്യ ഹരിദാസും, എൽഡിഎഫ് സ്ഥാനാർഥി യു ആർ പ്രദീപും, ബിജെപി സ്ഥാനാർഥി കെ ബാലകൃഷ്ണനും ഇന്നലെ പത്രിക സമർപ്പിച്ചിരുന്നു. പാലക്കാട് എൻ.ഡി.എ.സ്ഥാനാർഥി ബി.ജെ.പി യിലെ സി.കൃഷ്ണകുമാർ ഇന്നലെ നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. യു.ഡി.എഫ് സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിലും എൽ.ഡി.എഫ് സ്വതന്ത്രൻ പി.സരിനും ഇന്ന് പത്രിക സമർപ്പിക്കും. അടുത്ത മാസം 13നാണ് വോട്ടെടുപ്പ്. 23-ന് ഫലം അറിയാം. ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമായി പുരോഗമിക്കുന്നു.

RNUTVPM

************************************************************************************

## പാലക്കാട് - (ഇൻട്രോ)

പാലക്കാട് നിയമസഭാ ഉപതിരഞ്ഞെടുപ്പ് സുരക്ഷ ശക്തമാക്കുന്നതിൻറെ ഭാഗമായി ജില്ലയിലെ തമിഴ്നാട് അതിർത്തി പ്രദേശങ്ങളിൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ചു. അനധികൃത മദ്യം, കൈക്കൂലി വസ്തുക്കൾ, പണം, എന്നിവയുടെയും പ്രദേശത്തെ സാമൂഹിക വിരുദ്ധരുടെയും നീക്കം സംഘം നിരീക്ഷിക്കും.

വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.

**(വോയിസ്...............)**

*************************************************************************************

**ചെക് പോസ്റ്റ്**

വയനാട് ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കേരള-തമിഴ്നാട് അതിർത്തിയായ വഴിക്കടവ് ആനമറിയിൽ അന്തർസംസ്ഥാന പാതയിൽ പൊലീസ് സ്പെഷൽ ചെക്ക്പോസ്റ്റ് സ്ഥാപിച്ചു. കെ.എൻ.ജി.റോഡിൽ ആനമറി വനം, എക്സൈസ് ചെക്ക്പോസ്റ്റുകളുടെ നടുവിലായാണ് ചെക്ക്പോസ്റ്റ്. ഇതര സംസ്ഥാനങ്ങളിൽ നിന്നും കള്ളപ്പണം, ലഹരി ഇറക്കുമതി എന്നിവ തടയുന്നതിനാണ് ചെക്ക്പോസ്റ്റ് സ്ഥാപിച്ചത്.

RNU TVPM

*************************************************************************************

**കെ രാജൻ - എ.ഡി.എം നവീൻ ബാബു**

A.D.M നവീൻ ബാബുവിൻറെ മരണത്തിന് ഉത്തരവാദികളായവരെ വെറുതെ വിടില്ലെന്ന് മന്ത്രി കെ രാജൻ. നവീൻ ബാബു അഴിമതിക്കാരനായിരുന്നില്ല എന്ന അഭിപ്രായത്തിൽ ഉറച്ചുനിൽക്കുന്നതായും മന്ത്രി പറഞ്ഞു. ലാൻഡ് റവന്യൂ ജോയിൻറ് കമ്മീഷണറുടെ റിപ്പോർട്ട് ഇന്ന് കിട്ടുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. മരണം സംബന്ധിച്ച അന്വേഷണം ശരിയായ ദിശയിലാണെന്നും മന്ത്രി കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു.

*************************************************************************************

**ജെ ചിഞ്ചുറാണി**

മൃഗ സംരക്ഷണ മേഖലയിൽ പുതിയ സംരംഭകരെ കണ്ടെത്താനുള്ള പദ്ധതികൾക്കാണ് സർക്കാർ മുന്തിയ പരിഗണന നൽകുന്നതെന്ന് മന്ത്രി ജെ ചിഞ്ചുറാണി.

കേന്ദ്ര സർക്കാരിൻറെ സാമ്പത്തിക സഹായവും ഈ പദ്ധതികൾ നടപ്പാക്കുന്നതിന് പ്രയോജനപ്പെടുത്തുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ മലബാർ മേഖല റഫറൽ ലബോറട്ടറിയായ കണ്ണൂർ മേഖലാ രോഗനിർണയ ലബോറട്ടറിയിലെ മൈക്രോബയോളജി, ബയോടെക്നോളജി വിഭാഗം ഉദ്ഘാടനവും 'ഗോവർധിനി' കന്നുകുട്ടി പരിപാലന പദ്ധതി ജില്ലാതല ഉദ്ഘാടനവും നിർവഹിക്കുകയായിരുന്നു മന്ത്രി.

*******************************************************************************************

**പി.പി ദിവ്യ-വാദം തുടങ്ങി**

കണ്ണൂർ എ ഡി എം, കെ നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡൻറായിരുന്ന പി പി.ദിവ്യ നൽകിയ മുൻകൂർ ജാമ്യാപേക്ഷയിൽ കോടതിയിൽ വാദം തുടങ്ങി. തലശ്ശേരി ജില്ലാ സെഷൻസ് കോടതി മുമ്പാകെ രാവിലെ 11.15 ഓടെയാണ് വാദം ആരംഭിച്ചത്.

RNUTVPM

*******************************************************************************************

**തൃശൂർ -ജിഎസ്.ടി റെയ്ഡ്**

തൃശ്ശൂരിൽ സ്വർണാഭരണ നിർമ്മാണ സ്ഥാപനങ്ങളിലും ഹോൾസെയിൽ വ്യാപാര സ്ഥാപനങ്ങളിലും സംസ്ഥാന ജി എസ് ടി വകുപ്പ് നടത്തിവന്ന പരിശോധന പൂർത്തിയായി. രേഖകൾ ഇല്ലാത്ത 104 കിലോ സ്വർണ്ണം പിടിച്ചെടുത്തു. വ്യാപകമായി നികുതി വെട്ടിപ്പും ക്രമക്കേടും നടക്കുന്നുണ്ടെന്ന രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഇൻറലിജൻസ് വിഭാഗത്തിന്റെ പരിശോധന.

*****************************************************************************************

## ലോക പോളിയോദിനം - (ഇൻട്രോ)

ഇന്ന് ലോക പോളിയോ ദിനം. പോളിയോ മൈലിറ്റിസി-നെതിരായ പ്രതിരോധ കുത്തിവെയ്യ്പ് വികസിപ്പിച്ച ജോനാസ് സാൽക്കിൻറെ ഓർമ്മയ്ക്കായിട്ടാണ് ലോക പോളിയോ ദിനം ആചരിക്കുന്നത്. പോളിയോ പ്രതിരോധ കുത്തിവയ്യ്പിൻറെ പ്രാധാന്യത്തെ കുറിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് അസിസ്റ്റൻറ് പ്രൊഫസർ Dr അനീഷ് ടി എസ് ആകാശവാണി വാർത്തകളോട്........

**(വോയിസ് ...................)**

*****************************************************************************************

## ആകാശവാണി മുൻ ഡയറക്ടർ ജനറൽ

ആകാശവാണി മുൻ ഡയറക്ടർ ജനറൽ പി കെ ബന്ദോപാധ്യായ അന്തരിച്ചു. ഹൃദയാഘാതത്തെ തുടർന്ന് ഇന്നലെ കൊൽക്കത്തയിൽ ആയിരുന്നു അന്ത്യം.

RNU TVPM

*****************************************************************************************

## ദാന ചുഴലിക്കാറ്റ്

ദാന ചുഴിക്കാറ്റിന്റെ പശ്ചാത്തലത്തിൽ ഒഡീഷയിലും പശ്ചിമബംഗാളിലും കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. കൊടുങ്കാറ്റ് ഇന്ന് രാത്രിയോ നാളെ രാവിലെയോ മണിക്കൂറിൽ 100- 120 കിലോമീറ്റർ വേഗതയിൽ ഒഡീഷ തീരം തൊടുമെന്നാണ് മുന്നറിയിപ്പ്. പശ്ചിമ ബംഗാളിലും ഒഡീഷയിലും ഇന്നും നാളെയും അതി ശക്തമായ മഴയ്ക്കും സാധ്യതയുണ്ട്. തീരപ്രദേശങ്ങളിലെ താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്നവരെ മാറ്റിപാർപ്പിച്ചിട്ടുള്ളതായി ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു.

*****************************************************************************************

## മഴ -സംസ്ഥാനം

സംസ്ഥാനത്ത് ഇന്ന് 7 ജില്ലകളിൽ മഞ്ഞ ജാഗ്രത. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി എന്നിവിടങ്ങളിലാണ് ജാഗ്രത നിർദ്ദേശമുള്ളത്. ഇടിമിന്നലോടു കൂടിയ ശക്തമായ വ്യാപക മഴക്കാണ് സാധ്യത. അതേസമയം, കേരള - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് തടസ്സമില്ലെന്ന് കേന്ദ്ര കാലാവസ്ഥവകുപ്പ് അറിയിച്ചു.

********************************************************************************

**ക്രിക്കറ്റ്**

ഇന്ത്യയും ന്യൂസിലൻഡും തമ്മിലുള്ള രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ടോസ് നേടിയ ന്യൂസിലാൻഡ് ബാറ്റിംഗ് തെരെഞ്ഞെടുത്തു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ 32 ഓവർ പിന്നിട്ട് 2 വിക്കറ്റ് നഷ്ടത്തിൽ 104 റൺസ് എന്ന നിലയിലാണ്. പൂനെയിലെ മഹാരാഷ്ട്ര ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിലാണ് മത്സരം പുരോഗമിക്കുന്നത്.

PNU TVPM

********************************************************************************

**വനിതാ ക്രിക്കറ്റ്**

ഇന്ത്യ- ന്യൂസിലൻഡ് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം. ഉച്ചയ്ക്ക് 1.30 ന് അഹമ്മദാബാദിലാണ് മത്സരം.

********************************************************************************

**ഐ.എസ്.എൽ**

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് ചെന്നൈയിൻ എഫ് സി, ഗോവ എഫ് സിയെ നേരിടും. രാത്രി 7.30-ന് ചെന്നൈ ജവഹർലാൽ സ്റ്റേഡിയത്തിലാണ് മത്സരം.

********************************************************************************

**മൻ കി ബാത്ത്**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 27-ന് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 115 -ാംാം പതിപ്പാണിത്. പൊതുജനങ്ങൾക്ക് ആശയങ്ങളും അഭിപ്രായങ്ങളും myGov ഓപ്പൺ ഫോറത്തിലോ NaMo ആപ്പിലൂടെയോ പങ്കു വയ്ക്കാം. 18 00-11-78 00 എന്ന ടോൾ ഫ്രീ നമ്പർ വഴിയും ഈ മാസം 25 വരെ ആശയങ്ങൾ അറിയിക്കാവുന്നതാണ്.

********************************************************************************

**ജലവിതരണം മുടങ്ങും**

തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി കുര്യാത്തി സെക്ഷൻ പരിധിയിൽ ജോലികൾ നടക്കുന്ന സാഹചര്യത്തിൽ ഇന്ന് നഗരത്തിലെ ചില ഭാഗങ്ങളിൽ ജലവിതരണം നിറുത്തിവയ്ക്കും. രാത്രി 8 മണി മുതൽ നാളെ രാവിലെ 8 വരെയാണ് ജലവിതരണം നിർത്തുക. കുര്യാത്തി, ശ്രീകണ്ഠേശ്വരം,ചാല, വലിയശാല, മണക്കാട്, ശ്രീവരാഹം, പെരുന്താന്നി, പാൽക്കുളങ്ങര, ചാക്ക, ഫോർട്ട്, വള്ളക്കടവ്, കമലേശ്വരം, അമ്പലത്തറ, വലിയതുറ, തമ്പാനൂർ,ശംഖുംമുഖം, കളിപ്പാൻകുളം, ആറ്റുകാൽ എന്നിവിടങ്ങളിൽ ജലവിതരണം ഭാഗികമായി തടസപ്പെടുമെന്ന് വാട്ടർ അതോറിട്ടി അറിയിച്ചു.

********************************************************************************

**കൊല്ലം പള്ളിക്കൽ**

RNU TVPM

സംസ്ഥാന ജലസേചന വകുപ്പിന്റെ ആനയാടി സ്റ്റേഷനിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചതിനാൽ കൊല്ലം പള്ളിക്കൽ നദിക്കരയിൽ താമസിക്കുന്നവർ ജാഗ്രത പുലർത്തണമെന്ന് അധികൃതർ മുന്നറിയിപ്പ് നൽകി. നദികളിൽ ഇറങ്ങാനോ നദി മുറിച്ചു കടക്കാനോ പാടില്ല. പ്രളയ സാധ്യതയുള്ള ഇടങ്ങളിൽ നിന്ന് മാറി താമസിക്കാൻ തയ്യാറാവണമെന്നും മുന്നറിയിപ്പുണ്ട്.

**************************************************************************************

**കണ്ണൂർ ജില്ല ശാസ്ത്രോത്സവം**

കണ്ണൂർ ജില്ലാ ശാസ്ത്രോത്സവത്തിന് തുടക്കമായി. കണ്ണൂർ നഗരത്തിലെ നാല് സ്കൂളുകളിലായി നടക്കുന്ന മേളയിൽ 15 ഉപജില്ലകളിൽ നിന്നായി 4000-ത്തോളം വിദ്യാർത്ഥികൾ പങ്കെടുക്കുന്നുണ്ട്. സെന്റ് മൈക്കിൾസ് ഹയർ സെക്കൻഡറി സ്കൂളിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ശാസ്ത്രോത്സവം ഉദ്ഘാടനം ചെയ്തു.

**************************************************************************************

**ലോകബാങ്ക്**

ലോക ബാങ്കിൻറെ വാർഷിക സമ്മേളനങ്ങളിൽ പാനലിസ്റ്റായി പങ്കെടുക്കാൻ സംസ്ഥാന ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് വാഷിംഗ്ടൺ ഡിസിയിൽ എത്തിച്ചേർന്നു. സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം, കുഞ്ഞുങ്ങളുടെ പോഷകാഹാരവും ആരോഗ്യവും എന്നീ വിഷയങ്ങളിലെ ഔപചാരിക ചർച്ചകളിൽ പാനലിസ്റ്റ് ആയിട്ടാണ് ലോകബാങ്കിൻറെ ക്ഷണം. നാളെ മുതലുള്ള ചർച്ചകളിൽ ലോകത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മന്ത്രിമാരും സെക്രട്ടറിമാരും പങ്കെടുക്കും.

**************************************************************************************

RNU TVPM

**റെയിൽവേ ഗേറ്റ് അടച്ചിടും**

ഹരിപ്പാട് - ചേപ്പാട് റെയിൽവേ സ്റ്റേഷനുകൾക്കിടയിലുള്ള കവല ഗേറ്റ് രാവിലെ അടച്ചു. ഈ മാസം 28-ന് വൈകിട്ട് 6 മണിവരെ അറ്റകുറ്റപ്പണികൾക്കായി ഗേറ്റ് അടച്ചിടും. വാഹനങ്ങൾ പള്ളിപ്പാട്, കാഞ്ഞൂർ ഗേറ്റുകൾ വഴി പോകണമെന്ന് അധികൃതർ അറിയിച്ചു.

******************************************************************************************

******************************************************************

**********************************

RNU TVPM